## പതിമൂന്നാം കേരള നിയമസഭ

### അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ. 1060

14.06.2012 ൽ
മറുപടിയ്ക്ക്

### തിരുവില്വാമല മോഡൽ റസിഡൻഷ്യൽ സ്കൂളിന് ഭൂമി

| ചോദ്യം<br>ശ്രീ.കെ.രാധാകൃഷ്ണൻ | ഉത്തരം<br>ശ്രീ.അടൂർ പ്രകാശ്<br>(ബഹു.റവന്യൂ വകുപ്പ് മന്ത്രി) |
|---|---|
| എ) ചേലക്കര മണ്ഡലത്തിലെ തിരുവില്വാമലയിൽ പട്ടികജാതി വികസന വകുപ്പിനു കീഴിൽ പ്രവർത്തിക്കുന്ന മോഡൽ റസിഡൻഷ്യൽ സ്കൂളിന് കെട്ടിടങ്ങളും മറ്റടിസ്ഥാന സൗകര്യങ്ങളും നിർമ്മിക്കുന്നതിനു വേണ്ടി പഞ്ചായത്തിന്റെ കൈവശമുള്ള ഭൂമി ആവശ്യപ്പെട്ടിട്ടുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | എ) ഉണ്ട്. |
| ബി) മറ്റ് യാതൊരാവശ്യങ്ങൾക്കും ഉപയോഗിക്കാതെ കിടക്കുന്ന ഭൂമി പ്രസ്തുത ആവശ്യത്തിലേക്കായി അനുവദിക്കാവുന്നതാണെന്ന് പഞ്ചായത്ത് ഭരണ സമിതി തീരുമാനിച്ചിട്ടുള്ള വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | ബി) ഉണ്ട്. |
| സി) ഈ ഭൂമി കൈമാറ്റത്തിന് റവന്യൂ വകുപ്പിന്റെ അനുമതി ലഭിക്കേണ്ട ആവശ്യം മാത്രമാണുള്ളതെന്ന വസ്തുത ശരിയാണോ;<br>ഡി) എങ്കിൽ പട്ടികജാതി വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസം നൽകേണ്ട ലക്ഷ്യത്തോടെയുള്ള എം.ആർ.എസ് ്നു വേണ്ടി ഭൂമി കൈമാറ്റം ചെയ്യാൻ റവന്യൂ വകുപ്പിൽ നിലവിലുള്ള ഫയലിന്മേൽ അനുകൂലമായ തീരുമാനമെടുക്കുവാൻ നടപടികൾ സ്വീകരിക്കുമോ? | സി) & ഡി) അല്ല. പ്രസ്തുത ഭൂമിയുടെ ഉടമസ്ഥാവകാശം വിട്ടു നൽകാൻ കഴിയില്ല എന്ന് തദ്ദേശ സ്വയംഭരണ വകുപ്പ് അറിയിച്ചതിനെ തുടർന്ന് ഈകാര്യം പട്ടിക ജാതി വികസന വകുപ്പിനെ അറിയിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ